പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2447 **27-10-2026-ൽ മറുപടിയ്ക്ക്**

കള്ള് ചെത്ത് വ്യവസായം ശക്തിപ്പെടുത്താൻ നടപടി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ	**മറുപടി നൽകിയ മന്ത്രി**
ശ്രീ. കെ. ബിനിമോൻ	ശ്രീ. എം. ലിജു (സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി)

(എ) കേരളത്തിലെ പരമ്പരാഗത തൊഴിൽ മേഖലയായ കള്ള് ചെത്ത് വ്യവസായ തൊഴിലാളികൾ അനുഭവിക്കുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

മറുപടി: ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരളത്തിലെ പരമ്പരാഗത തൊഴിൽ മേഖലയായ കള്ളുചെത്ത് വ്യവസായത്തിൽ കാലഘട്ടത്തിനനുസൃതമായ ആധുനികവൽക്കരണവും സാങ്കേതിക മാറ്റങ്ങളും വേണ്ടത്ര ഉണ്ടായിട്ടില്ല. തൊഴിൽപരമായ സുരക്ഷയുടെ അഭാവം, അപകടസാധ്യത, ചെത്ത് വൃക്ഷങ്ങളുടെ ലഭ്യതക്കുറവ്, പ്രാവീണ്യമുള്ള തൊഴിലാളികളുടെ എണ്ണത്തിലുണ്ടായ കുറവ്, നിലവിലുള്ള തൊഴിലാളികളുടെ പ്രായക്കൂടുതൽ എന്നിവ ഈ മേഖല നേരിടുന്ന പ്രധാന വെല്ലുവിളികളാണ്. ശാരീരിക അധ്വാനവും അപകടസാധ്യതയും വരുമാനത്തിലെ അനിശ്ചിതത്വവും കാരണം യുവതലമുറ ഈ തൊഴിലിലേക്ക് കടന്നുവരാൻ വിമുഖത കാണിക്കുന്നതും മേഖലയെ പ്രതികൂലമായി ബാധിക്കുന്നു. സുരക്ഷിതമായ ചെത്ത് രീതികൾ, ആധുനിക ഉപകരണങ്ങൾ, ശാസ്ത്രീയ പരിശീലനം, മെച്ചപ്പെട്ട വേതനം, ഇൻഷുറൻസ്, പെൻഷൻ, ആരോഗ്യ സംരക്ഷണം തുടങ്ങിയവ ഉറപ്പാക്കേണ്ടതുണ്ട്. കൂടാതെ, കള്ളിന്റെ ഗുണനിലവാരം, ശുചിത്വപരമായ ശേഖരണം, സംഭരണം, കാര്യക്ഷമതയോട് കൂടിയ വിപണന സംവിധാനം, തൊഴിലാളിക്ഷേമ പദ്ധതികളുടെ ഫലപ്രദമായ നടപ്പാക്കൽ എന്നിവ മെച്ചപ്പെടുത്തി ഈ പരമ്പരാഗത വ്യവസായത്തിന്റെ നിലനിൽപ്പും തൊഴിലാളികളുടെ സുരക്ഷയും ഉറപ്പാക്കുന്നതിനുള്ള സമഗ്ര നടപടികൾക്കാണ് സർക്കാർ മുൻഗണന നൽകാൻ ഉദ്ദേശിക്കുന്നത്.

(ബി) പ്രസ്തുത വ്യവസായം നിലനിർത്തുന്നതിനും പുനരുദ്ധരിക്കുന്നതിനും സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ;

മറുപടി: കള്ളുചെത്ത് തൊഴിലാളികളുടെ തൊഴിൽ സുരക്ഷയും സാമ്പത്തിക ഭദ്രതയും ഉറപ്പാക്കുന്നതിനും കേരളത്തിലെ പരമ്പരാഗത കള്ളുചെത്ത് വ്യവസായത്തെ സംരക്ഷിച്ച് പുനരുജ്ജീവിപ്പിക്കുന്നതിനുമായി സർക്കാർ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. ഇതിന്റെ ഭാഗമായി കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന തൊഴിലിനിടയിലുണ്ടാകുന്ന അപകടങ്ങളിൽ പരിക്കേൽക്കുകയോ മരണപ്പെടുകയോ ചെയ്യുന്ന തൊഴിലാളികൾക്കും അവരുടെ കുടുംബങ്ങൾക്കും നഷ്ടപരിഹാരം, തൊഴിലാളികൾക്കും കുടുംബാംഗങ്ങൾക്കും ചികിത്സാസഹായം, പെൻഷൻ തുടങ്ങിയ വിവിധ ആനുകൂല്യങ്ങൾ നൽകിവരുന്നു. തൊഴിലാളികളുടെ സാമൂഹിക സുരക്ഷയും ഉപജീവനഭദ്രതയും ഉറപ്പാക്കുന്നതിൽ ഈ പദ്ധതികൾ പ്രധാന പങ്കുവഹിക്കുന്നു.

കള്ളുചെത്ത് മേഖലയിലെ തൊഴിലാളികളുടെ കുറവ്, തൊഴിൽപരമായ ആധുനികവൽക്കരണത്തിന്റെ അഭാവം, അപകടസാധ്യത, കള്ളുചെത്ത് മേഖലയിലേക്ക് കടന്ന് വരുന്നതിനുള്ള പുതിയ തലമുറയുടെ വിമുഖത തുടങ്ങിയ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി കേരള കള്ള് വ്യവസായ വികസന ബോർഡ് മുഖേന വ്യവസായത്തിന്റെ സമഗ്രമായ വികസനത്തിനും ആധുനികവൽക്കരണത്തിനുള്ള നടപടികൾ ആസൂത്രണം ചെയ്തുവരുന്നു. കള്ളുചെത്ത് തൊഴിലാളികളുടെ നൈപുണ്യ വികസനം ലക്ഷ്യമിട്ട് കേരള കാർഷിക സർവകലാശാല പോലുള്ള സ്ഥാപനങ്ങളുമായി സഹകരിച്ച് 'ടോഡി ടെക്നിഷ്യൻ കോഴ്സ്' (Toddy Technician Course) ഉൾപ്പെടെയുള്ള പരിശീലന-സർട്ടിഫിക്കേഷൻ പരിപാടികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. അനുയോജ്യമായ സുരക്ഷാ ഉപകരണങ്ങളുടെ ഉപയോഗം, ആധുനിക സാങ്കേതികവിദ്യകളുടെ പ്രയോജനം, തൊഴിലാളികളുടെ തൊഴിൽനൈപുണ്യം വർദ്ധിപ്പിക്കൽ എന്നിവയ്ക്കും ഇതിലൂടെ പ്രാധാന്യം നൽകാനാകും.

കൂടാതെ ചെത്തിന് അനുയോജ്യമായ തെങ്ങുകളുടെയും മറ്റ് വൃക്ഷങ്ങളുടെയും ലഭ്യത വർദ്ധിപ്പിക്കുക, കള്ളിന്റെ ഗുണനിലവാരവും ശുചിത്വവും ഉറപ്പാക്കുക, ശേഖരണ-സംഭരണ സംവിധാനങ്ങൾ മെച്ചപ്പെടുത്തുക, വിപണന സാധ്യതകൾ വികസിപ്പിക്കുക തുടങ്ങിയ മേഖലകളിലും കൂടുതൽ ഇടപെടൽ ആവശ്യമാണ്. പ്രത്യേകിച്ച് ഉൽപ്പാദനം കൂടുതലുള്ള കാലയളവുകളിൽ വിൽപ്പനയ്ക്കുശേഷം അധികമായി വരുന്ന കള്ള് ഒഴുക്കിക്കളയേണ്ടി വരുന്ന സാഹചര്യം ഒഴിവാക്കുന്നതിനായി മൂല്യവർധിത ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി അധികമായി ലഭിക്കുന്ന കള്ളിൽനിന്ന് വിനാഗിരി ഉൽപ്പാദിപ്പിക്കുന്നതിനുള്ള സാങ്കേതികവും സാമ്പത്തികവുമായ സാധ്യതകൾ പരിശോധിച്ച് ആവശ്യമായ ഗുണനിലവാര-ഭക്ഷ്യസുരക്ഷാ മാനദണ്ഡങ്ങളും നിയമാനുമതികളും ഉറപ്പാക്കി പദ്ധതി ആവിഷ്കരിക്കുന്നതിനുള്ള സാധ്യത പരിശോധിച്ച് വരികയാണ്. ഇത്തരത്തിലുള്ള മൂല്യവർധിത ഉൽപ്പന്നങ്ങളുടെ വികസനം ഉൽപ്പാദനനഷ്ടം കുറയ്ക്കുന്നതിനും അധിക വരുമാനസാധ്യതകൾ സൃഷ്ടിക്കുന്നതിനും സഹായകരമാകും.

തൊഴിലാളിക്ഷേമ പദ്ധതികളുടെ ഫലപ്രദമായ നടപ്പാക്കൽ, തൊഴിൽ സുരക്ഷ, നൈപുണ്യവികസനം, ചെത്ത് വൃക്ഷങ്ങളുടെ ലഭ്യത വർധിപ്പിക്കൽ, ആധുനികവൽക്കരണം, മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ വികസനം എന്നിവ സംയോജിപ്പിച്ചുകൊണ്ടുള്ള സമഗ്രമായ സമീപനത്തിലൂടെ കേരളത്തിലെ പരമ്പരാഗത കള്ളുചെത്ത് വ്യവസായത്തെ പുനരുജ്ജീവിപ്പിക്കുകയും തൊഴിലാളികളുടെ തൊഴിൽസുരക്ഷയും സാമ്പത്തിക ഭദ്രത ഉറപ്പാക്കുകയുമാണ് സർക്കാരിന്റെ ലക്ഷ്യം.

(സി) പ്രസ്തുത വ്യവസായത്തെ ടൂറിസം മേഖലയുമായി ബന്ധപ്പെടുത്തി ശക്തിപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

<u>മറുപടി:</u> കേരളത്തിലെ പരമ്പരാഗത കള്ളുചെത്ത് വ്യവസായത്തെ ടൂറിസം മേഖലയുമായി ബന്ധപ്പെടുത്തി ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി, ഉത്തരവാദിത്തപരവും നിയമാനുസൃതവുമായ രീതിയിൽ കള്ള് വ്യവസായത്തെ കേരളത്തിന്റെ തനതായ ഭക്ഷ്യ-സാംസ്കാരിക പൈതൃകത്തിന്റെ ഭാഗമായി വിനോദസഞ്ചാരികൾക്ക് പരിചയപ്പെടുത്തുന്നതിനും, ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളോടുകൂടിയ ആധുനിക കള്ളുഷാപ്പുകൾ, പരമ്പരാഗത കള്ളുചെത്ത് രീതികൾ പരിചയപ്പെടുത്തുന്ന അനുഭവ കേന്ദ്രങ്ങൾ, പ്രാദേശിക ഭക്ഷ്യവിഭവങ്ങൾ ലഭ്യമാക്കുന്ന സംവിധാനങ്ങൾ എന്നിവ വികസിപ്പിക്കുന്നതിനുമുള്ള സാധ്യതകൾ പരിശോധിച്ച് വരികയാണ്. ടൂറിസം കേന്ദ്രങ്ങളുമായി ബന്ധപ്പെടുത്തി ഗുണനിലവാരവും ശുചിത്വവും ഉറപ്പാക്കിയുള്ള കള്ളിന്റെ വിപണനം പ്രോത്സാഹിപ്പിക്കുന്നതും പ്രാദേശിക ഭക്ഷ്യവിഭവങ്ങൾക്കും അനുബന്ധ ഉൽപന്നങ്ങൾക്കും വിപണി കണ്ടെത്തുന്നതും വരുമാനസാധ്യത വർധിപ്പിക്കാൻ സഹായകമാകും. ബന്ധപ്പെട്ട വകുപ്പുകളുടെയും

കേരള കള്ള് വ്യവസായ വികസന ബോർഡിന്റെയും ഏകോപനത്തോടെ നിലവിലുള്ള അബ്കാരി നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിധേയമായി ഇത്തരം പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള സാധ്യതകൾ പരിശോധിച്ച് വരികയാണ്.

സെക്ഷൻ ഓഫീസർ